അതിൽ 27 ഒഴിവുകൾ നികത്താനുള്ള നടപടികൾ ഇതിനകംതന്നെ എടുത്തുകഴിഞ്ഞു. 2003-04 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയാകുമ്പോൾ ഏതാനും തസ്തികകൾ കുറഞ്ഞുവരാൻ സാദ്ധ്യതയുണ്ട്. നിയമനം നടത്താൻ ഡി.ഡി.ക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തീകരിച്ച് തിട്ടപ്പെടുത്തിയതിനുശേഷം ബാക്കിയുള്ള ഒഴിവുകൾ നികത്തുന്നതാണ്.

2. കൊല്ലങ്കോടിനും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയും കൊടുവായൂർ-പുതുനഗരം നഗര ശുദ്ധജല വിതരണ പദ്ധതിയും പൂർത്തിയാക്കണമെന്ന ആവശ്യം

ശ്രീ. കെ. എ. ചന്ദ്രൻ : സർ, കൊല്ലംകോടിനും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയും കൊടുവായൂർ-പുതുനഗരം നഗരശുദ്ധജലവിതരണ പദ്ധതിയും കഴിയുംവേഗം പണി പൂർത്തിയാക്കി കുടിവെള്ളക്ഷാമം പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇന്ന് മിഥുനമാസം 29 ആണ്. കോരിച്ചൊരിയുന്ന മഴ പെയ്യേണ്ട സമയമാണ്. അവിടെ ഇപ്പോഴും ലോറിയിൽ വെള്ളം കൊടുത്തുകൊണ്ടിരിക്കുകയാണ്. അവിടത്തെ പദ്ധതികളാണ് അത്. 1989-ൽ അനുമതി നൽകിയ പദ്ധതികൾ ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെ 1997-ൽ അനുമതി കൊടുത്തതാണ് കൊടുവായൂർ-പുതുനഗരം പദ്ധതി. അതുകൊണ്ട് ശുദ്ധജലക്ഷാമമുള്ള ആ പ്രദേശത്തെ ശുദ്ധജലവിതരണ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാനാവശ്യമായ അടിയന്തിര ശ്രദ്ധയും നടപടിയും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ ആർ. ബാലകൃഷ്ണപിള്ള) : കൊല്ലം കോടിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയും കൊടുവായൂർ- പുതുനഗരം ശുദ്ധജല വിതരണ പദ്ധതിയും എൽ.ഐ.സി.യുടെ സാമ്പത്തിക സഹായത്തോടുകൂടി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്നു. ചിറ്റൂർ താലൂക്കിലെ കൊല്ലംകോട്, മുതലമട, വടവന്നൂർ എന്നീ 3 പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ രൂപകൽപ്പന ചെയ്തിട്ടുള്ള കൊല്ലംകോട് ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2003 അവസാനത്തോടുകൂടി പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. 75,000 പേർക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിക്കുവേണ്ടി മീൻകര ഡാമിലെ കിണറിന്റെ പണിയും ശുദ്ധീകരണ ശാലയുടെയും സംഭരണ ശാലയുടെയും പണികളും പൂർത്തിയായിട്ടുണ്ട്. പ്രധാന പൈപ്പ് ലൈനുകൾ, പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ എന്നിവയുടെ പണികളും അവസാന ഘട്ടത്തിലാണ്. പമ്പ് ഹൗസിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതിയുടെ ഒന്നാം

LIBRARY ARCHIVES Kerala Legislative Assembly

ഘട്ടം പൂർത്തിയാക്കി കമ്മിഷൻ ചെയ്യുന്നതാണ്. കൊടുവായൂർ-പുതുനഗരം പ്രദേശങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതും 600 ലക്ഷം രൂപ മതിപ്പ് ചെലവ് കണക്കാക്കിയിട്ടുള്ളതുമായ പദ്ധതിയാണ് "കൊടുവായൂർ-പുതുനഗരം ശുദ്ധജലവിതരണ പദ്ധതി". ഈ പദ്ധതിയുടെ ശുദ്ധീകരണ ശാലയുടെ പണി പ്രാരംഭദശയിലാണ്. ജലസംഭരണിയുടെ പണി പൂർത്തീകരിച്ചുകഴിഞ്ഞു. പ്രധാന പൈപ്പ് ലൈനുകളും സ്ഥാപിച്ചുകഴിഞ്ഞു. ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 66,700 പേർക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിക്ക് 83 കിലോമീറ്റർ വിതരണ ശൃംഖല, 276 ടാപ്പുകൾ ഇവ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. 2004 ഡിസംബറോടുകൂടി ഈ പദ്ധതി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

3. തൃശൂർ ജില്ലയിലെ വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്കുമാരുടെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തണമെന്നത് സംബന്ധിച്ച്

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, തൃശൂർ ജില്ലയിൽ വിവിധ വകുപ്പുകളിലേയ്ക്ക് 2000-ൽ പ്രസിദ്ധീകരിച്ച പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നുള്ള എൽ.ഡി. ക്ലാർക്കുമാരുടെ നിയമനം തടസ്സപ്പെട്ട് കിടക്കുന്നു. എന്നാൽ മറ്റുള്ള ജില്ലകളിലെല്ലാം നിയമനം നടന്നുവരുന്നുണ്ട്. തൃശൂർ ജില്ലയിൽ പുനർവിന്യാസത്തിന്റെ പേരുപറഞ്ഞുകൊണ്ടാണ് ഇത് തടസ്സപ്പെട്ട് കിടക്കുന്നത്. നിയമനം ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉദ്യോഗാർത്ഥികൾ കോടതിയെ സമീപിച്ചു. കോടതി നിയമനം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെന്റിനോടാവശ്യപ്പെട്ടപ്പോൾ, ഗവൺമെന്റ് അതിൽ അപ്പീലിന് പോയിരിക്കുകയാണ്. അതുകൊണ്ട് നിയമനം തടസ്സപ്പെട്ട പാവപ്പെട്ട ഉദ്യോഗാർത്ഥികളെ സഹായിക്കാൻ നിലവിലുള്ള സ്റ്റേ പിൻവലിച്ച് എത്രയും പെട്ടെന്ന് നിയമനം നടത്താൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): പുനർ വിന്യാസ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ വന്നതുകൊണ്ട്, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള ചില പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ പ്രയാസങ്ങൾ പരിഗണിച്ച് പരമാവധി വേഗതയിൽ റീ-ഡിപ്ലോയ്മെന്റ് നടപടികൾ പൂർത്തീകരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്. ഇതിനിടയിൽ നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി തീർന്നുപോയാൽ ഒരിക്കൽ കിട്ടിയ അവസരം ഇനി ഒരിക്കലും കിട്ടാതെ വരും എന്നുള്ള ആശങ്ക ഉദ്യോഗാർത്ഥികൾക്ക് ഇല്ലാതാക്കാൻവേണ്ടി കഴിഞ്ഞ ദിവസം കൂടിയ മന്ത്രിസഭായോഗം 5-8-2003-ൽ കാലാവധി തീരുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി ആറ് മാസത്തേയ്ക്കുകൂടി നീട്ടാൻ പി.എസ്.സി.യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പ്രത്യേകമായി ശ്രദ്ധിക്കും.

LIBRARY ARCHIVES Kerala Legislative Assembly